# ആമുഖം

പെരിയാറിന്റെ തീരത്തായി സ്ഥിതി ചെയ്യുന്ന ശ്രീമൂലനഗരം ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്താണ് വെള്ളാരപ്പിള്ളി എന്ന കൊച്ചുഗ്രാമം. മൂന്നു വശവും വെള്ളത്താൽ ചുറ്റപ്പെട്ടതുകൊണ്ടാവാം ഈ പ്രദേശത്തിന് വെള്ളാരപ്പിള്ളി എന്ന പേര് വന്നതെന്ന് പറയപ്പെടുന്നു.

ശക്തൻ തമ്പുരാന്റെ ചരിത്രമുറങ്ങുന്ന കോട്ടയും ശ്രീ. പാർവ്വതിദേവിയുടെ തിരുവൈരാണിക്കുളം ക്ഷേത്രവും വെള്ളാരപ്പിള്ളി എന്ന ഗ്രാമത്തെ പ്രസിദ്ധമാക്കുന്നു. കാഞ്ഞൂരിന്റെയും ശ്രീമൂലനഗരത്തിന്റെയും ഹൃദയഭാഗത്തായ് 9-ാം വാർഡിൽ പ്രകൃതി രമണീയമായ ഗ്രാമഭംഗി ഉൾക്കൊണ്ട് പരിലസിക്കുന്ന ഒരു വിദ്യാലയമാണ് തെക്കുംഭാഗം സെന്റ് ജോസഫ്സ് എൽ. പി സ്കൂൾ. കാർഷികവൃത്തിയുമായ് മല്ലടിക്കുന്ന ഗ്രാമവാസികളെ വിജ്ഞാനത്തിന്റെ പടവുകളിലേക്ക് കൈപിടിച്ചുയർത്തുവാൻ ഉയർന്നുവന്ന ഒരു വിജ്ഞാനക്ഷേത്രമാണ് ഈ വിദ്യാലയം.

# ലക്ഷ്യങ്ങൾ

* സാർവ്വത്രികവും സൗജന്യവുമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* തുല്യതയും ഗുണമേന്മയും ഊന്നൽ നൽകി അക്കാദമിക നിലവാരം ഉയർത്തുക.
* LKG മുതൽ 4-ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതി അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനാകുന്ന പ്രവർത്തനങ്ങൾ
* അക്കാദമിക നിലവാരത്തോടൊപ്പം തന്നെ പാഠ്യേതര വിഷയങ്ങളിൽ കൂടുതൽ പ്രാധാന്യം നൽകി കുട്ടികളുടെ സർവ്വ വ്യക്തിത്വ വികാസം ഉറപ്പാക്കുക.
* ഭാഷ, ഗണിതം, ശാസ്ത്രവിഷയങ്ങൾ ഇവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി കുട്ടികളെ ഉന്നത പഠനത്തിന് പ്രാപ്തരാക്കുക.
* അറിവിനൊപ്പം മൂല്യബോധമുള്ള ഭാവിതലമുറയെ വാർത്തെടുക്കുക.
* സ്കൂൾ പഠനം പൂർത്തിയാക്കുന്ന ഓരോ കുട്ടിക്കും പൊതു ധാരണയിൽ അനായാസം ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കാഞ്ഞൂർ സെന്റ് മേരീസ് ഫൊറോന പള്ളിയുടെ കീഴിൽ 1902-ൽ ഒരു ആശാൻ പള്ളിക്കൂടം എന്ന നിലയിൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ ഒരു ഓല ഷെഡിൽ ആയിരുന്നു പ്രവർത്തനം തുടങ്ങിയത്. വാര്യംപള്ളം തോമസ് എന്ന വ്യക്തി സംഭാവന ചെയ്ത 76 സെന്റ് സ്ഥലത്തിൽ ഈ വിദ്യാലയം വീണ്ടും പുനരുദ്ധരിക്കപ്പെട്ടു.

കൊല്ലവർഷം 1100 മുതലുള്ള റെക്കോർഡുകൾ ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. ശ്രീ. രാമവർമ്മ തമ്പുരാൻ ഹെഡ്മാസ്റ്ററുടെയും തുടർന്നുവന്ന പ്രധാനാധ്യാപകരുടെയും നേതൃത്വത്തിൽ ഈ വിദ്യാലയം വളർച്ചയുടെ പടവുകൾ ഒന്നൊന്നായി ചവിട്ടിക്കയറി. കാഞ്ഞൂർ, ശ്രീമൂലനഗരം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസത്തിനായി ഈ വിദ്യാലയത്തെയാണ് ആശ്രയിച്ചിരുന്നത്.

ലോവർ പ്രൈമറി മാത്രമുണ്ടായിരുന്ന ഈ വിദ്യാലയത്തിൽ പ്രീ പ്രൈമറി വിഭാഗം ആരംഭിച്ചു. ഇവിടെയെത്തുന്ന കുട്ടികൾക്ക് യാത്രാസൗകര്യം ലഭിക്കുന്നതിനായി മാനേജ്മെന്റ് സ്കൂൾ ബസ്സ് സ്വന്തമാക്കി.

ഇന്ന് ഈ വിദ്യാലയത്തിൽ പ്രീപ്രൈമറി നാലാംക്ലാസിൽ 130 കുട്ടികളും 8 അധ്യാപകരും ഉണ്ട്. അറബിഭാഷാ പഠനം, കമ്പ്യൂട്ടർ പരിജ്ഞാനം എന്നിവയ്ക്ക് പ്രത്യേകം ഊന്നൽ നൽകുന്നു. ഇംഗ്ലീഷിനും മലയാളത്തിനും തുല്യ പ്രാധാന്യം നൽകിക്കൊണ്ട് ഇവിടെ അധ്യയനം നടത്തിവരുന്നു. അതോടൊപ്പം ഹിന്ദിഭാഷയ്ക്കും പ്രാധാന്യം നൽകുന്നുണ്ട്.

കലാകായിക ശാസ്ത്രമേളയിൽ പങ്കെടുക്കുന്നതിനായ് കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു. ആലുവ സബ്ജില്ല പ്രവൃത്തി പരിചയ മേള, കലാകായിക ശാസ്ത്ര മേളകളിലും ഉന്നത വിജയം നേടുവാൻ ഈ വിദ്യാലയത്തിന് സാധിച്ചു.

ഇന്ന് സമൂഹത്തിൽ ഉന്നതസ്ഥാനം അലങ്കരിക്കുന്ന പല വ്യക്തികളും ഈ വിദ്യാലയത്തിന്റെ സംഭാവനകളാണ്. Phd തലത്തിൽ ഉയർന്ന Dr. ജോൺസൺ തേനായൻ, Dr. തെന്നിൻ, Dr. സെബിച്ചൻ ജോസഫ് എന്നിവരും ജോർജിയയിൽ നിന്നും MBBS കരസ്ഥമാക്കിയ Dr. വൈശാഖ് സുരേന്ദ്രനും ഇവിടുത്തെ പൂർവ്വവിദ്യാർത്ഥികളാണ്.

## രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ :-

പദ്ധതി രൂപീകരണത്തിനുള്ള പ്രാഥമികധാരണകൾ കണ്ടെത്തുന്നതിനായി (31/05/25)ൽ SRG യോഗം ചേർന്നു.

ഇതിനെ തുടർന്ന് (2/6/25)ൽ അധ്യാപക പി.ടി.എ. യോഗത്തിൽ പദ്ധതിക്ക് കരടുരൂപം നൽകി. (10/6/25)ൽ P.T.A. അധ്യാപക സംയുക്ത യോഗത്തിൽ കരടുപദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകൾ നടത്തി, അതിനുള്ള അംഗീകാരം നേടി. (20/6/25)ൽ കരടുരൂപം എഴുതി തയ്യാറാക്കി. (30/6/25)ൽ കരടുപദ്ധതി രൂപരേഖ പരിശോധിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകളും മെച്ചപ്പെടുത്തലുകളും നടത്തി.

### നിലവിലെ അവസ്ഥ വിശകലനം.

നേട്ടങ്ങൾ :-

(1) മധുരം മലയാളം പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ലൈബ്രറി ബുക്കുകൾ നൽകുകയുണ്ടായി. ഇതിലൂടെ കുട്ടികളുടെ ഭാഷാനിലവാരം ഉയർത്താൻ സാധിച്ചു.

(2) എറണാകുളം - അങ്കമാലി അതിരൂപത നടത്തിയ സന്മാർഗ്ഗ ബോധവത്കരണ പരീക്ഷയിൽ നമ്മുടെ കുട്ടികൾ A+ കരസ്ഥമാക്കി.

3) 2024-'25 അധ്യയന വർഷത്തെ പ്രവൃത്തി പരിചയ മേളയിൽ ഉന്നത സ്ഥാനം കരസ്ഥമാക്കാൻ സാധിച്ചു.

4) ഉപജില്ലാതലത്തിൽ നടത്തപ്പെട്ട ഗണിത ശാസ്ത്ര മേളയിൽ ഉയർന്ന വിജയം കരസ്ഥമാക്കി.

5) ഉപജില്ലാ കലാകായിക മേളയിൽ മികച്ച വിജയം

ആശയ വിനിമയ ശേഷി വികസനത്തിനുവേണ്ടി വിദ്യാലയത്തിൽ നിത്യവും അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം നൽകി വരുന്നു.

) മാനസിക - ശാരീരിക ആരോഗ്യനിലവാരമുയർത്തുന്നതിന് വേണ്ടി ആഴ്ചയിൽ രണ്ട് ദിവസം Special assembly-യും യോഗയും നടത്തുന്നു.

) കുട്ടികൾക്കായി Smart class facility ഉണ്ടാക്കി.

) കുട്ടികളിൽ സ്വയം പ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നതി-ന്നും, ശാരീരിക ക്ഷമത, ശക്തി എന്നിവ വളർത്തുന്നതിനു-മായി കരാട്ടെ പരിശീലനം നൽകി വരുന്നു.

) അന്താരാഷ്ട്ര ഭാഷയായ അറബി പഠനത്തിനുള്ള സൗകര്യവും വൈജ്ഞാനിക കലാ മത്സരങ്ങളിൽ പരിശീലനവും നടത്തിവരുന്നു.

) ദേശീയ ദിനാചരണങ്ങൾ വിപുല രീതിയിൽ വിദ്യാലയ-ത്തിൽ നടത്തി വരുന്നു.

) വിദ്യാലയത്തിലെ സ്കൂൾ ലൈബ്രറിയിലൂടെ വിദ്യാർ-ത്ഥികളിൽ താൽപര്യം ജനിപ്പിക്കാനും, വായനാനന്തരം ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കി ബോധിപ്പിക്കാനും ചെയ്യുന്നു.

) പച്ചക്കറി കൃഷിയുടെ ഉല്പാദനം

ഹരിത കർമ്മസേനയുടെ നേതൃത്വത്തിൽ വിദ്യാലയത്തിൽ നിന്നും Plastic നിർമ്മാർജ്ജനം ചെയ്യാൻ കഴിയുന്നു. ഹരിത വിദ്യാലയം നിലനിർത്താൻ സാധിച്ചു.

) ജീവകാരുണ്യ പ്രവർത്തനങ്ങൾ.

## പരിമിതികൾ :-

→ അദ്ധ്യാപകരുടെ Class-room Skill-കളുടെ ആവശ്യകത.

→ ലാബ് നവീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

→ കുട്ടികളുടെ ഭാഷാഗണിത നിലവാരം പൂർണ്ണതയിലേക്ക് എത്തിക്കാനുള്ള ശ്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്.

→ സ്കൂൾ ലൈബ്രറി വിപുലമാക്കേണ്ടതുണ്ട്.

→ ക്ലബ്ബ് പ്രവർത്തനങ്ങൾ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

# മലയാളം.

പ്രവർത്തനം.

അക്ഷരചിത്രങ്ങൾ.

സ്വരാക്ഷരങ്ങളും, വ്യഞ്ജനാക്ഷരങ്ങളും

ഉപയോഗിച്ച് ചിത്രനിർമ്മാണം.

പദങ്ങൾ, വാക്യങ്ങൾ നിർമ്മിക്കൽ.

വിവരണം നൽകൽ.

അക്ഷരങ്ങൾ നിറം നൽകി മനോഹരമാക്കൽ.

പദകേളി.

അന്ത്യാക്ഷരി

പദച്ചെപ്പ്

പദകാർഡ്

പദവണ്ടി നിർമ്മാണം.

അക്ഷരനിഘണ്ടു.

നിഘണ്ടു നിർമ്മാണം.

അർത്ഥം കണ്ടെത്തൽ

വാക്യനിർമ്മാണം

രചനാശിൽപശാല.

കഥ, കവിത, നാടൻപാട്ടുകളുടെ രചന

അവതരണം

ICT യുടെ സഹായത്താൽ കവിയരങ്ങ്.

കയ്യെഴുത്ത് പത്രം.

എഡിറ്റോറിയൽ കമ്മിറ്റി രൂപീകരണം

മികച്ച രചനകളുടെ ശേഖരണം

എഡിറ്റിങ്ങ്

പത്രനിർമ്മാണം.

രചനകളുടെ പ്രദർശനം.

ക്ലാസ്സ്തല പ്രവർത്തനങ്ങളുടെ ശേഖരണം

അവതരണം.

പതിപ്പുനിർമ്മാണം.

പാഠഭാഗങ്ങളെ ആസ്പദമാക്കി വ്യക്തിഗതമായി പതിപ്പ് നിർമ്മാണം.

എല്ലാവർക്കും വായിക്കുവാനുള്ള അവസരം നൽകൽ.

അസംബ്ലിയിൽ പ്രദർശിപ്പിക്കുന്നു.

കഥയെ നാടകമാക്കൽ- നാടകക്കളരി.

പാഠഭാഗത്തിനകത്തും, പുറത്തുമുള്ള വ്യവഹാര രൂപങ്ങളെ നാടകമാക്കി അവതരിപ്പിക്കൽ

CLASS PTA- യിൽ അവതരിപ്പിക്കൽ.

വാർത്താബുള്ളറ്റിൻ.

വാർത്താമാധ്യമങ്ങളുടെ സഹായത്താൽ വാർത്തകളും, വിവരങ്ങളും ശേഖരിക്കൽ.

പ്രധാന വാർത്തകൾ വാർത്താബുള്ളറ്റിൻ പ്രദർശിപ്പിക്കുന്നു.

# ഇംഗ്ലീഷ്.

പ്രവർത്തനം.

എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കുവാനും, എഴുതുവാനും, സംസാരിക്കുവാനുമുള്ള ശേഷി വികാസം.

ക്ലാസ്സുകൾ ഇംഗ്ലീഷിൽ കൈകാര്യം ചെയ്യുക.
ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
ഡിബേറ്റ്, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കുന്നു.
ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക.
ഇംഗ്ലീഷിൽ ഡയറി എഴുതുക.

ഇംഗ്ലീഷിലുള്ള തിയേറ്റർ - സർഗാത്മക ശേഷി വികസനം.

രചനാ ക്യാമ്പ് - കഥ, കവിത, എഴുത്ത്
ഉൽപന്നങ്ങൾ പ്രസിദ്ധീകരിക്കൽ.

CPTA യിൽ പ്രദർശിപ്പിക്കൽ.

വ്യവഹാര രൂപങ്ങൾ.

സ്കിറ്റ് അവതരണം

നാടകം അവതരണം

സംഭാഷണം രൂപപ്പെടുത്തൽ

ഇംഗ്ലീഷ് ന്യൂസ് റീഡിങ്.

വായനയെ പരിപോഷിപ്പിക്കൽ.

ക്ലാസ് ലൈബ്രറി ഒരുക്കൽ

ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ

പുസ്തകങ്ങൾ സംഘടിപ്പിക്കൽ

വായനാക്കുറിപ്പ് തയ്യാറാക്കൽ.

കുട്ടികളുടെ സൃഷ്ടികൾ സ്കൂൾ വിക്കിയിൽ

അപ്‌ലോഡ് ചെയ്യൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഗണിതം

**അവസ്ഥാവിശകലനം :**
☆ ഗണിതപഠനത്തോടുള്ള താല്പര്യക്കുറവ്
☆ സംഖ്യാബോധത്തിന്റെ അപര്യാപ്തത
☆ ചതുഷ്ക്രിയകൾ കൃത്യതയോടെ ചെയ്യുവാൻ സാധിക്കുന്നില്ല.

**പ്രതീക്ഷിതനേട്ടങ്ങൾ :**
☆ ഗണിതപഠനം ലളിതവും ആകർഷകവുമാക്കുക.
☆ സംഖ്യാബോധം ഉറപ്പിക്കൽ
☆ ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് നേടൽ.

**പ്രവർത്തനപരിപാടി : മാത്സ് മാജിക്**

**പ്രവർത്തനം 1**

ലക്ഷ്യം : സംഖ്യാബോധം ഉറപ്പിക്കൽ

പ്രവർത്തനങ്ങൾ :
☆ സ്ഥാനവില പോക്കറ്റ് നിർമ്മാണം
☆ മുത്തുകൾ, മഞ്ചാടി എന്നിവ ഉപയോഗിച്ച് എണ്ണുന്നു.
☆ സംഖ്യാകാർഡിലെ എണ്ണത്തിനനുസരിച്ച് ചിത്രം വരയ്ക്കുന്നു.

## പ്രവർത്തനം 4

**ലക്ഷ്യം** : പാറ്റേൺ കണ്ടെത്തൽ

**പ്രവർത്തനങ്ങൾ** :
- ☆ സങ്കലനം, വ്യവകലനം, ഗുണനം എന്നിവ ഉപയോഗിച്ച് പാറ്റേൺ കണ്ടെത്തുന്നു.
- ☆ വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് പാറ്റേൺ പൂർത്തിയാക്കുന്നു.
- ☆ കുട്ടിയിലെ ചിന്താശേഷിയും ഗണിതശേഷിയും വികസിപ്പിക്കാൻ രസകരമായ പാറ്റേൺസ് ഉപയോഗിച്ച് വ്യത്യസ്തയിനം ഗണിതകേളികളിൽ ഏർപ്പെടുക.

**പ്രവർത്തനകാലം** : മാസത്തിൽ രണ്ട്

**ചുമതല** : ഗണിത അധ്യാപകർ.

## പ്രവർത്തനം 5

### ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം

**ലക്ഷ്യം** : നിർമ്മാണശേഷി വികസനം
: വ്യത്യസ്ത അളവുകൾ നിർണ്ണയിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക.

**പ്രവർത്തനങ്ങൾ** :
- ☆ അളവുകളുടെ അടിസ്ഥാനത്തിൽ വ്യക്തതയോടെയും കൃത്യതയോടെയും ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുന്നു.
- ☆ ഘടികാരം, അളവുപാത്രങ്ങൾ എന്നിവ നിർമ്മിക്കുന്നു.

നിർവഹണകാലം : വർഷത്തിൽ ഒരു പ്രാവശ്യം
(ജനവരി 3, 4 വാരം)

ചുമതല : ഗണിത അധ്യാപകർ, PTA, H.M.

പ്രവർത്തനം 8.

അബാക്കസ്, ഒറിഗാമി നിർമ്മാണം, പ്രദർശനം

ലക്ഷ്യം : ☆ സംഖ്യാബോധം ഉറപ്പിക്കുന്നതിന്. ഗണിതശാസ്ത്രത്തിൽ താൽപര്യം ജനിപ്പിക്കുന്നതിന്.

☆ ചതുഷ്ക്രിയകൾ അനായാസം കൈകാര്യം ചെയ്യുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

☆ മുത്തുകൾ ഉപയോഗിച്ചുള്ള അബാക്കസ് നിർമ്മാണ മത്സരം

☆ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പാടവം വർദ്ധിപ്പിക്കൽ.

☆ മനക്കണക്കുകൾ

☆ ഗണിതക്വിസ്സ് പ്രവർത്തനങ്ങൾ

ചുമതല : SRG (അധ്യാപകർ, PTA)

നിർവഹണകാലം : വർഷത്തിൽ ഒരിക്കൽ.

# അക്കാദമിക മാസ്റ്റർ പ്ലാൻ
## 2025-26

## വിഷയം - ശാസ്ത്രം

### അവസ്ഥാവിശകലനം

- പ്രകൃതിയോടുള്ള അടുപ്പക്കുറവ്
- കൃഷിയോടുള്ള താൽപര്യം ഇല്ലായ്മ
- നിരീക്ഷണപാടവത്തിന്റെ അഭാവം
- ശാസ്ത്രപഠനത്തിൽ താൽപര്യം ഇല്ലായ്മ.
- ഇന്ത്യയുടെ അടിസ്ഥാനവിവരങ്ങളെ അറിയുന്നതിലുള്ള അറിവില്ലായ്മ.

### പ്രതീക്ഷിതനേട്ടങ്ങൾ

- പ്രകൃതിയെ അടുത്തറിയുന്നു.
- കൃഷിരീതികൾ മനസിലാക്കുന്നു.
- നിരീക്ഷണപാടവം വർദ്ധിക്കുന്നു.
- ശാസ്ത്രപഠനത്തിൽ താൽപര്യം വർദ്ധിക്കുന്നു
- ഇന്ത്യയുടെ അടിസ്ഥാന വിവരങ്ങൾ മനസിലാക്കുന്നു.

പ്രവർത്തനങ്ങൾ
ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം കഥകൾ, പുസ്തകങ്ങൾ, ഡോക്യുമെന്ററി എന്നിവയിലൂടെ വായിക്കാനും കാണാനു - മുള്ള അവസരം
കാലം: ആവശ്യാനുസരണം.
ചുമതല: ക്ലാസ് അധ്യാപകർ.

പ്രവർത്തനം 3.
മാസത്തേക്ക്
പ്രവർത്തനലക്ഷ്യം : ഭൂമിയെയും, ഭൂമിയുടെ ചലനത്തെയും ഗ്രഹങ്ങളെയും കുറിച്ചുള്ള അറിവ്
പ്രവർത്തനങ്ങൾ: ICT സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.
- സൗരയൂഥം, കൃത്രിമ ഉപഗ്രഹങ്ങൾ എന്നിവയുടെ ചിത്രശേഖരണം.
- ഭ്രമണം, പരിക്രമണം എന്നിവയുടെ പരിശീലനം.
നിർവഹണകാലം; നവംബർ 1, 2 വാരം
ചുമതല: അധ്യാപകർ

## പ്രവർത്തനം 5.

## ഇന്ത്യയെ അറിയാം.

ലക്ഷ്യം: സ്വന്തം രാജ്യത്തിന്റെ ഭാഷ, വേഷം സംസ്കാരം, സംസ്ഥാനങ്ങൾ എന്നിവയെ അറിയുവാനുള്ള അവബോധം ഉണ്ടാക്കുക.

പ്രവർത്തനങ്ങൾ

- ഇന്ത്യയിലെ സംസ്ഥാനങ്ങൾ അറിയാം.
- വേഷം, ഭാഷകൾ, സംസ്കാരം എന്നിവ പരിചയപ്പെടുത്തുന്നു.
- ICT ഉപയോഗിച്ച് സ്വാതന്ത്ര്യത്തിനായുള്ള സമരങ്ങളും, പോരാട്ടങ്ങളും സമരനായകന്മാരെയും പരിചയപ്പെടുത്തുന്നു.
- ഇന്ത്യയിലെ ഭരണസംവിധാനത്തെക്കുറിച്ച് അവബോധം നൽകുന്നു (School Election)
- പതിപ്പ് തയ്യാറാക്കുന്നു.
- പ്രദർശനം നടത്തുന്നു.

നിർവഹണകാലം: ജനുവരി 2-10 വരെ.

നിർവഹണ ചുമതല: അധ്യാപകർ.

## പ്രവർത്തനം 6.

ശാസ്ത്ര പരീക്ഷണങ്ങൾ

ലക്ഷ്യം: അനുഭവങ്ങളിലൂടെയുള്ള പഠനവും കണ്ടെത്തലിലൂടെയുള്ള ശാസ്ത്രബോധനവും

പ്രവർത്തനങ്ങൾ:

- ക്ലാസ്തല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ലഘുപരീക്ഷണങ്ങൾ
- പരീക്ഷണങ്ങളുടെ പ്രദർശനം
- നിരീക്ഷണം
- കുറിപ്പ് തയ്യാറാക്കൽ, അവതരണം.

നിർവ്വഹണകാലം: ജനുവരി 4-ാം വാരം

ചുമതല: അധ്യാപകർ.